**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3107** **25-06-2024 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക അവബോധം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളിൽ സാംസ്കാരിക അവബോധം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സാംസ്കാരികകാര്യ വകുപ്പ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളിൽ സാംസ്കാരിക അവബോധം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>1. വൈലോപ്പിള്ളി സംസ്കൃതി ഭവൻ നോഡൽ ഏജൻസിയായി പ്രവർത്തിച്ചു കൊണ്ട് ബാലകേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖേന 'സമം -സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റം' എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ വിദ്യാർത്ഥികൾക്കായി സംവാദ മത്സരം സംഘടിപ്പിക്കുന്നുണ്ട്.<br>3. ബാലഭവനുകൾ മുഖേന വിവിധ പരിപാടികൾ നടത്തി വരുന്നു.<br>4. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സാഹിത്യ ക്യാമ്പുകൾ ഉൾപ്പെടെ വിവിധ മത്സരങ്ങൾ നടത്തി വരുന്നു. കുട്ടികളിൽ സാഹിത്യ പുസ്തകങ്ങൾ എത്തിക്കുന്നതിന്റെ ഭാഗമായി അക്ഷരയാത്ര, പുസ്തക നിറവ്, വായന നിറവ് എന്നീ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br>5. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുഖേന വിദ്യാർത്ഥികൾക്കായി സെമിനാറുകൾ, വിവിധ പുസ്തകങ്ങളുടെ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി വരുന്നു.<br>6. പ്രവാസ ലോകത്തെ വിദ്യാർത്ഥികളിൽ മലയാള ഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനും വിദ്യാർത്ഥികളിൽ സാംസ്കാരിക അവബോധം ഉണ്ടാക്കുന്നതിനും വായന മത്സരം, ദേശീയോദ്ഗ്രഥന ഗാനരചനാ മത്സരം, സാഹിത്യ രചനാ മത്സരങ്ങൾ എന്നിവ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 'റേഡിയോ മലയാളം' ഇന്റർനെറ്റ് റേഡിയോ , 'ഭൂമി മലയാളം' മാസിക , 'പൂക്കാലം' വെബ് മാസിക എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് സർഗ്ഗാത്മക രചനകൾ പ്രസിദ്ധീകരിക്കാനുള്ള അവസരം നൽകുന്നു.<br>7. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ വിജ്ഞാനകോശം വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയും 'അറിവരങ്ങ് ' എന്ന പേരിൽ എല്ലാ വർഷവും ക്വിസ്, ഉപന്യാസ മത്സരങ്ങൾ നടത്തുകയും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ റഫറൻസ് ലൈബ്രറി ആയി പ്രവർത്തിക്കുകയും ചെയ്യുന്നു.<br>8. കേരള സ്റ്റേറ്റ് ബുക്ക്മാർക്ക് 'പ്രചോദനത്തിന്റെ പ്രവാചകർ' എന്ന ദൃശ്യപരമ്പരയും 'ബുക്ക് കഫേ,' 'ബുക്ക്കോർണർ' എന്നിവയും ആരംഭിച്ചു.<br>9. കേരള സാഹിത്യ അക്കാദമി യുവജനങ്ങൾക്കായി കഥ, കവിത നിരൂപണം തുടങ്ങിയവയിൽ ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>10. ശ്രീനാരായണ അന്തർ ദേശീയ പഠന തീർത്ഥാടന കേന്ദ്രം 'മഹാ ഗുരുവിനെ അറിയാൻ' എന്ന ഏകദിന പഠന പരിപാടിയും 'കുട്ടികളും ശ്രീനാരായണ ഗുരുവും' എന്ന പരിപാടിയും സം ഘടിപ്പിക്കുന്നുണ്ട്.<br>11. വിദ്യാർത്ഥികൾക്കിടയിൽ സാംസ്കാരിക അവബോധം സൃഷ്ടിക്കാൻ കേരള കലാമണ്ഡലം, മാർഗ്ഗി, ഗുരുഗോപിനാഥ് നടനഗ്രാമം, ഫോക് ലോർ അക്കാദമി, ഭാരത് ഭവൻ, മഹാകവി മൊയീൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, വാസ്തുവിദ്യാഗുരുകുലം, കെ.എസ്.എഫ്.ഡി. സി, ചലച്ചിത്ര അക്കാദമി എന്നീ സ്ഥാപനങ്ങൾ വിവിധ പരിപാടികൾ നടത്തി വരുന്നു. |
| (ബി) | ഇതര സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി സർക്കാർ സംഘടിപ്പിക്കുന്ന സാംസ്കാരിക വിനിമയ പരിപാടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇതര സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി പൈതൃകോത്സവങ്ങൾ സംഘടിപ്പിച്ചു വരുന്നു. കേരള-ഡൽഹി പൈതൃകോത്സവം, കേരള -തെലുങ്കാന പൈതൃകോത്സവം എന്നിവ സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ചെന്നൈ, ബംഗളൂരു, മുംബൈ തുടങ്ങിയ നഗരങ്ങളിൽ സാഹിത്യ അക്കാദമി സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഡൽഹി ചെന്നൈ ഹൈദരാബാദ് എന്നിവിടങ്ങളിൽ പ്രവാസി അമേച്വർ നാടകോത്സവവും ചെന്നൈ സൗത്ത് സോൺ കൾച്ചറൽ സെന്ററുമായി |

| | | | |
|---|---|---|---|
| | | | സഹകരിച്ച് പാലക്കാട് വെള്ളിനേഴിയിൽ വച്ച് ഫോക്ക് ഫെസ്റ്റിവലും കേരള സംഗീത നാടക അക്കാദമി നടത്തിയിട്ടുണ്ട്.<br><br>കഥക് നൃത്തം, അറബന മുട്ട്, ഒപ്പന-മഴപ്പാട്ട്, കഥക് നൃത്തം-മഴപ്പാട്ടുകൾ ഉൾക്കൊള്ളുന്ന ‘മൺസൂൺ ഫെസ്റ്റ്’ 2024 ജൂലൈ ആദ്യ വാരം ഭാരത് ഭവനിൽ നടക്കും. ഭാരത് ഭവൻ സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സഹകരണത്തിൽ ഇന്ത്യൻ വസന്തോത്സവം , ഇന്ത്യൻ ഗ്രാമോത്സവം എന്നീ പേരുകളിൽ വിവിധ സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങളുടെ അവതരണം ഓഗസ്റ്റ്- ഡിസംബർ മാസങ്ങളിലായി സംഘടിപ്പിച്ചു വരുന്നു.<br><br>28 സംസ്ഥാനങ്ങളിലെയും 8 കേന്ദ്രഭരണ പ്രദേശങ്ങളിലെയും തനത് കലാരൂപങ്ങൾ അണിനിരത്തി നമ്മുടെ ഐക്യതയും അഖണ്ഡതയും നാനാത്വവും പ്രകടമാക്കുന്ന കലാരൂപങ്ങളുടെ അവതരണം ആണ് ലോക് രംഗ് സമഭാവന മഹോത്സവം. മൺമറഞ്ഞുപോയ കലാരൂപങ്ങൾ സംരക്ഷിക്കുവാനും ഉണർത്തുവാനും ഐലന്റ് ഫെസ്റ്റ് 2024 എന്ന പരിപാടിയിലൂടെ ഇന്ത്യൻ ദ്വീപുകളിൽ പാരമ്പര്യ കലാവതരണങ്ങൾ നടത്തുന്നു. കേരളത്തിന്റെ തനത് കലാരൂപങ്ങളും സംസ്കാരവും നാനാത്വത്തിൽ ഏകത്വം തുടങ്ങി പൊതു സമൂഹത്തിന് ഉപകരിക്കുന്ന പ്രമേയങ്ങളെ അടിസ്ഥാനമാക്കി വിവിധ സംസ്ഥാനങ്ങളിൽ മൾട്ടീമീഡിയ സാംസ്കാരിക വിനിമയ വിരുന്നായ ‘കേരളത്തനിമ’ എന്ന പരിപാടിയും ഭാരത് ഭവൻ നടത്തുന്നുണ്ട്.<br><br>മുൻ വർഷങ്ങളിൽ ഡൽഹി, പൂനെ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ മലയാള ചലച്ചിത്രമേളകൾ ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ചിരുന്നു ഡൽഹിയിൽ പ്രതിവാര മലയാള സിനിമാ പ്രദർശനം സംഘടിപ്പിക്കുന്ന ഒരു പദ്ധതി നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ